# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *676      03-11-2016-ൽ മറുപടിക്ക്

## അസംഘടിത തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ

**ചോദ്യം**

ശ്രീ.അനിൽ അക്കര
ശ്രീ.എം.വിൻസെന്റ്
ശ്രീ.വി.ടി.ബൽറാം

**മറുപടി**

ശ്രീ.ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താറുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും (ഇ-പേയ്മെന്റ്) പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ട്.തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജുഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾ പരിഹരിക്കുന്നു. സംസ്ഥാനത്ത് മിനിമം വേജസ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 80 മേഖലകളിൽ 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. നിർമ്മാണ മേഖല

ഉൾപ്പെടെയുള്ള സ്വകാര്യ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി കളുടെ വിവിധ നിയമപ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ ഉറപ്പ വരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നു.

| | |
|---|---|
| (ബി) തൊഴിലിടങ്ങളിൽ ഇവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്ന് വ്യക്തമാക്കമോ; | (ബി) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) റൂൾസ് പ്രകാരം തൊഴിലാളികൾക്ക് നിയമന ഉത്തരവ്, തിരിച്ചറിയൽ കാർഡ്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ തൊഴിലുടമ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമസ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ടോയ്‌ലറ്റ് സംവിധാനം നൽകണമെന്നും, അപകടം പിടിച്ച മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണ സാമഗ്രികൾ, പ്രഥമ ശുശ്രൂഷാ സൗകര്യം, ഇരുപതും അതിൽ കൂടുതലും വനിതാ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം, അമ്പതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ 25 കി.മി. അകലെ വാസസ്ഥലമുള്ള തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം എന്നിവ സജ്ജമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതര-സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ വിവിധ തൊഴിൽ |

| | |
|---|---|
| | നിയമങ്ങൾ പ്രകാരം തൊഴിലുടമ ശൗചാലയം, കുളിമുറി, വൃത്തിയും, വായുസഞ്ചാരവും വൈദ്യുതീകരിച്ചതുമായ താമസ സൗകര്യം, ശുദ്ധമായ കുടിവെള്ളം എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. |
| (സി) ഇവർക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ എന്തെല്ലാം നിയമനടപടികളാണ് കൈക്കൊള്ളുന്നത്, വിവരിക്കാമോ ? | (സി) സംസ്ഥാനത്ത് 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ)മാരും വിവിധ തൊഴിൽ നിയമ പ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നീ നിയമ നടപടികൾ സ്വീകരിക്കുന്നു. വിശ്രമ വേളകൾ അനുവദിക്കാതിരിക്കുന്നതും അധിക ജോലിക്ക് അധിക വേതനം നൽകാതിരിക്കുന്നതും സംബന്ധിച്ചുള്ള ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഇൻസ്പെക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം നാളിതുവരെ 29383 സ്ഥാപന പരിശോധനകൾ നടത്തുകയും 10409 കാരണം കാണിക്കൽ നോട്ടീസ്, 4157 പ്രോസിക്യൂഷൻ, 484 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ